## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1114 — 21.03.2013- ൽ മറുപടിക്ക്

### ഹയർസെക്കന്ററി ജില്ലാതല ഓഫീസുകൾ

| ചോദ്യം. ശ്രീമതി.കെ.കെ.ലതിക | ഉത്തരം ശ്രീ. പി. കെ. അബ്ദു റബ്ബ് വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
|---|---|
| (എ) ഹയർസെക്കന്ററി സ്കൂളുകൾക്കായി ജില്ലാതല ഓഫീസുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) എങ്കിൽ, വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) & (ബി) ഹയർസെക്കന്ററി സ്കൂളുകൾക്കായി ജില്ലാ ഓഫീസുകൾ സ്ഥാപിക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിനായി സ.ഉ(സാധാ)നം.4640/12/പൊ.വി.വ തീയതി 20.2.2013 പ്രകാരം സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കണ്ണൂർ, മലപ്പുറം, കോട്ടയം ജില്ലകളിൽ ജില്ലാതല ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| (സി) അഡീഷണൽ ബാച്ചുകൾ അനുവദിച്ചു നൽകിയ ഹയർസെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിന് തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;<br><br>(ഡി) ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കുമോ; | (സി) & (ഡി) 2010-2011 അദ്ധ്യയനവർഷം അനുവദിച്ച ബാച്ചുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. 2011-2012 അദ്ധ്യയന വർഷത്തേയും 2012-2013 അദ്ധ്യയന വർഷത്തേയും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള ഹയർസെക്കന്ററി ഡയറക്ടറുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

| | |
|---|---|
| (ഇ) അഡീഷണൽ ബാച്ചുകൾ അനുവദിച്ചു നൽകിയ ഹയർസെക്കന്ററി സ്കൂളുകളിൽ അനദ്ധ്യാപക തസ്തികകളിലെ ജോലികൾ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) 2010-11 അക്കാദമിക വർഷം ഉൾപ്പെടെ അധികബാച്ചുകൾ അനുവദിച്ചു നൽകിയ ഹയർസെക്കന്ററി സ്കൂളുകളിൽ ലാബ് അസ്സിസ്റ്റന്റിന്റെ തസ്തിക മാത്രമാണ് അനദ്ധ്യാപക വിഭാഗത്തിൽ സൃഷ്ടിച്ചിട്ടുള്ളത്. ഹയർസെക്കന്ററി സ്കൂളുകളിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സേവനങ്ങളും, അടിസ്ഥാന സൗകര്യങ്ങളും സ്കൂൾ ഹെഡ്മാസ്റ്ററും ഹയർസെക്കന്ററി പ്രിൻസിപ്പലും പങ്ക് വയ്ക്കണമെന്ന് ജി.ഒ(എം.എസ്)നം.134/04/പൊ.വി.വ തീയതി 04.05.2004 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ